# MALANKARA CATHOLIC CHURCH

**ARCHDIOCESE OF TIRUVALLA**

**Most Rev. Dr. Thomas Mar Koorilos**
Metropolitan Archbishop of Tiruvalla

Archbishop's House
Marygiri, P. B. No. 4
Tiruvalla - 689 101

**Circular No. 2 / 2014**

26-02-2014

**വന്ദ്യ കോർ എപ്പിസ്കോപ്പമാരെ, ബഹു. വൈദികരെ സന്യസ്തരെ, സഹോദരങ്ങളെ!**

1. **ബഹു. സ്റ്റെനിസ്ളാവോസ് കാക്കനാട്ട് നിര്യാതനായി**
ബഹു. സ്റ്റെനിസ്ളാവോസ് കാക്കനാട്ടച്ചൻ 77-ാമത്തെ വയസിൽ ദൈവസന്നിധി പൂകിയ വിവരം നിങ്ങൾ അറിഞ്ഞിരുന്നല്ലോ. വി. കൂദാശകൾ യഥായോഗ്യം സ്വീകരിച്ച് ബഹു. അച്ചൻ യാത്രയായി. അച്ചന്റെ ശുശ്രൂഷകളും നേതൃത്വവും ദൈവശാസ്ത്രപരമായ സംഭാവനകളും, മാദ്ധ്യമ ലോകത്തെ ഇടപെടലുകളും വിദ്യാഭ്യാസപരമായ സമർപ്പണങ്ങളും എല്ലാം നന്ദിയോടെ സ്മരിക്കുന്നു ലളിതമായ ജീവിതശൈലി അദ്ദേഹത്തെ കൂടുതൽ ശ്രദ്ധേയനാക്കി. ആലപ്പുഴ മാതാ സ്കൂളിന് അച്ചൻ നല്കിയ സംഭാവനകൾ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. അഭി. യൂലിയോസ് പിതാവിനെയും മേലേപ്പീടികയിൽ ഗീവറുഗീസച്ചനെയും പള്ളിമലയിലെ ബഹു. അച്ചന്മാരെയും പ്രത്യേകമായും വർഗ്ഗീസ് നെടുവേലിയച്ചനെയും സ്നേഹസദനിൽ ശുശ്രൂഷയിലായിരിക്കുന്ന സിസ്റ്റേഴ്സിനെയും നന്ദിയോടെ സ്മരിക്കുന്നു.

2. **പട്ടിണി നിവാരണഫണ്ടും വിശുദ്ധ നാടിനുവേണ്ടിയുള്ള സ്തോത്രകാഴ്ചയും.**
നോമ്പുകാലത്തു പ്രത്യേകമായി നാം നടത്തുന്ന ഈ രണ്ടു പിരിവുകളും നമുക്കു തീക്ഷ്ണതയോടെ ഈ വർഷവും തുടരാം. പരി. മാർപാപ്പ തിരുമേനിയുടെ നിർദ്ദേശപ്രകാരമാണ് നാം വിശുദ്ധ നാടിനുവേണ്ടിയുള്ള ഈ സമർപ്പണം നടത്തുന്നത്. നമ്മുടെ കർത്താവിന്റെ രക്ഷാകരമായ സംഭവങ്ങൾ നടന്ന സ്ഥലങ്ങൾ സംരക്ഷിക്കുക നമ്മുടെയും ഉത്തരവാദിത്തമാണല്ലോ. സമാധാനം ഏറെ ആവശ്യമായിരിക്കുന്ന ഈ സ്ഥലങ്ങളിലെ സഹോദരങ്ങളെ പ്രാർത്ഥന കൊണ്ടും പണം കൊണ്ടും നമുക്കും സഹായിക്കാം.

3. **സഹ്യജ്യോതി കോളജും ബിഷപ്പ്സ് ഡേ ആഘോഷങ്ങളും :** മുൻപ് സൂചിപ്പിച്ചിരുന്നതുപോലെ കുമിളിയിൽ അതിരൂപത വകയായി തുടങ്ങുന്ന സഹ്യജ്യോതി കോളജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുന്നു. നിങ്ങൾ ഓരോരുത്തരും ഉപവാസത്തിന്റെ ഫലത്തിൽ നിന്നും ലഭിച്ച തുക ഈ നിയോഗത്തിൽ സമർപ്പിക്കണം എന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. ഓരോ മേഖലയും ഓരോ ക്ലാസ്സുമുറിയെങ്കിലും പണിതു നൽകുവാനാണല്ലോ തീരുമാനിച്ചിരിക്കുന്നത്. ഇതിൽ വലിയ സഹകരണവും നേതൃത്വവും നൽകുവാൻ ബഹു. വികാരിമാർ ശ്രദ്ധിക്കണം. ഈ വർഷത്തെ ബിഷപ്പ്സ് ഡേ കളക്ഷൻ ഈ നിയോഗത്തിനുവേണ്ടിയാണ് ചെലവഴിക്കുന്നത്.

4. **എം.സി.വൈ.എം ഭാരവാഹികൾ** : യുവജന പ്രസ്ഥാനത്തിനു പുതിയ സാരഥികൾ അജി കുതിരവട്ടം (പ്രസിഡന്റ്), ജോബി തോമസ് (വൈസ് പ്രസിഡന്റ്), ജോബി ജോണി (ജനറൽ സെക്രട്ടറി), സുനു വർഗ്ഗീസ് (സെക്രട്ടറി), ജിൻസി വർഗ്ഗീസ് (സെക്രട്ടറി), ജിബിൻ അലക്സ് (ട്രഷറാർ), അനീഷ് സ്കറിയ മാമ്മൂട്ടിൽ (ഓഡിറ്റർ) എന്നിവർ ചുമതലയേറ്റ വിവരം സന്തോഷസമേതം അറിയിക്കുന്നു. യുവജനങ്ങൾ ആത്മീക കാര്യങ്ങളലിൽ ശുഷ്കാന്തിയുള്ളവരായി തീരുവാൻ ശ്രദ്ധിക്കണം. നേതാക്കന്മാർ സർവ്വോപരി അനുകരണീയരായിരിക്കണം. പ്രാർത്ഥനയിലും, ദൈവാലയശുശ്രൂഷയിലും, വചനവായനയിലും, വി. കുമ്പസാരത്തിലും, വി. കുർബാനയിലും, നോമ്പിലും തീക്ഷ്ണതയുള്ളവരായി തീരുമ്പോൾ യുവജനസഭ ഒന്നാകെ എല്ലാവർക്കും മാതൃകയാകും. നയിക്കുവാൻ കുറേപേർ നയിക്കപ്പെടാൻ മറ്റുചിലർ; ഇതല്ല നമ്മുടെ ചൈതന്യം. എല്ലാവരും ഒരേ യാത്രയിൽ തന്നെ എന്ന് ഓർക്കണം. പക്വമതികളും അപക്വമതികളും പണ്ഡിതരും, പാമരരും എന്നൊക്കെയുള്ള വിവേചനങ്ങൾ ഉപേക്ഷിക്കണം. പുതിയ നേതൃത്വം ഈ മനോഭാവം പുലർത്തി യുവജനസഭയെ ഊർജ്ജസ്വലമാക്കണം. വികാരിമാരും ഇടവകജനങ്ങളും കുടുംബങ്ങളും ശ്രദ്ധയോടെ ഇവരെ സഹായിക്കണം.

5. **സ്റ്റെല്ലാമേരി സ്കൂൾ കോമ്പൗണ്ട്** :നിരണം സെന്റ് മേരീസ് ഇടവകയുടെ സ്ഥലത്തുപ്രവർത്തിച്ചുവന്നിരുന്ന സ്റ്റെല്ലാമേരി എൽ. പി. സ്കൂൾ, 2014 ഏപ്രിൽ 30 തോടെ പുതിയ സ്ഥലത്തേക്ക് മാറ്റുന്നതും നിലവിലുള്ള കെട്ടിടങ്ങളും സ്ഥലവും അതിരൂപതയുടെയും തദ്വാര

ഇടവകയുടെയും നിയന്ത്രണത്തിലേക്ക് പൂർണ്ണമായും ലഭിക്കുന്നതാണ്. ബഹു. സിസ്റ്റേഴ്സിനുള്ള ഭവനം പണി പൂർത്തിയാകുമ്പോൾ അവരും പുതിയ സ്ഥലത്തേക്ക് താമസം മാറുന്നതാണ്. ബഹു. ഡി.എം സിസ്റ്റേഴ്സിന്റെ ത്യാഗത്തിനും ശുശ്രൂഷകൾക്കും പ്രത്യേകം നന്ദി അർപ്പിക്കുന്നു. നിരണം മേഖലയുടെ കേന്ദ്രമായി അവിടം തീരുന്നതാണ്. ബഹു. സിസ്റ്റേഴ്സിന്റെ കെട്ടിട നിർമ്മിതിക്കായി നമ്മുടെ എളിയ സംഭാവനയായി 25 ലക്ഷം രൂപ നൽകുന്നതിൽ 15 ലക്ഷം നൽകിക്കഴിഞ്ഞു. ബാക്കിയുള്ള തുക താമസംവിനാ. നൽകുന്നതുമാണ്. ബഹു. മദർ ജനറൽ സി. റോസ്‌ലിനെയും പ്രൊവിൻഷ്യൽ സി. അലക്സിനേയും പ്രത്യേകം നന്ദി അറിയിക്കുന്നു.

6. **ഷെവലിയർ വി. പി. തോമസ്, ഡൽഹി നിര്യാതനായി :** തിരുവല്ല അതിരൂപത മെത്രാപ്പോലീത്ത പ്രത്യേകം താൽപര്യമെടുത്ത് ഇ.റ്റി. ആർ. ഐ യിലെ പ്രഥമ ഷെവലിയരായി മാർപാപ്പ ഉയർത്തിയ ചെന്നിത്തല വാലുപറമ്പിൽ ശ്രീ. വി. പി. തോമസ് (20-02-2014) ദൈവസന്നിധി പൂകി. ഡൽഹിയിൽ മലങ്കരസഭ പടർന്നു പന്തലിക്കുവാൻ നേതൃത്വം കൊടുത്ത ഈ സഭാപുത്രന്റെ എല്ലാ നന്മയ്ക്കും സഭാ സ്നേഹത്തിനും ദൈവത്തിനും നന്ദി പറയുന്നു. ദൈവം ഈ ദാസന്റെ ആത്മാവിനു നിത്യശാന്തി നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

7. **നമ്മുടെ കുട്ടികളുടെ വാർഷിക പരീക്ഷകൾ** : പരീക്ഷയുടെ തെരക്കിലായരിക്കുന്ന മക്കൾക്കുവേണ്ടി പ്രാർത്ഥിച്ച് അവരെ ഒരുക്കുവാൻ മാതാപിതാക്കളെയും സണ്ടേസ്കൂൾ അദ്ധ്യാപകരേയും ബഹു. വികാരി അച്ചന്മാരെയും സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു. നല്ല പ്രാർത്ഥനയുടെ ചൈതന്യത്തിൽ ഈ പരീക്ഷകൾ എഴുതണം. എല്ലാ വിജയങ്ങളും ആത്മാർത്ഥമായി നേരുന്നു.

8. **പൊതു തെരഞ്ഞെടുപ്പ്** : നമ്മുടെ മാതൃരാജ്യം പൊതു തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുവാൻ ഒരുങ്ങുമ്പോൾ ജനാധിപത്യ വിശ്വാസികളും ഈ നാടിന്റെ നന്മ കാംക്ഷിക്കുന്നവരുമെന്ന നിലയിൽ ഗൗരവമായി നമ്മുടെ സമ്മതിദാനവകാശം ഉപയോഗിക്കണം. നമ്മുടെ രാജ്യത്തിന്റെ നന്മയെ മുൻനിർത്തി എപ്രകാരം നാം ഈ ഉത്തരവാദിത്വം ഉപയോഗിക്കണമെന്നതിനെകുറിച്ചുള്ള പൊതു ആശയങ്ങൾ ദേശീയസഭാതലത്തിലും കേരളത്തിന്റെ പ്രത്യേക പശ്ചാത്തലത്തിലും നിർദ്ദേശിച്ചിട്ടുള്ള സർക്കുലർ എല്ലാ ഇടവകകളിലും എത്തിച്ചിട്ടുണ്ട്. ഈ കാര്യങ്ങൾ പഠിച്ചും സ്വതന്ത്രവും നീതിനിഷ്ഠവുമായി ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊണ്ടും ഈ തെരഞ്ഞെടുപ്പിൽ പങ്കാളികളാവാൻ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു.

9. **ബഹു. പ്രൊക്കുറേറ്റർ അച്ചന്റെ ചില നിർദ്ദേശങ്ങൾ കൂടി താഴെ ചേർക്കുന്നു**

1 നമ്മുടെ ഇടവകകളെ സംബന്ധിച്ച് ഒരു സാമ്പത്തിക വർഷം കൂടി അവസാനിക്കുകയാണല്ലോ. 2013/14 വർഷത്തെ വരവ് ചെലവ് കണക്കുകൾ 2014 ഏപ്രിൽ 30ന് മുമ്പ് അതിരൂപതാ ഫിനാൻസ് ഓഫീസിൽ ഏല്പിക്കണം എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

2. ഇടവകയിൽ നിന്നുള്ള വിഹിതങ്ങൾ അടച്ചിട്ടില്ലെങ്കിൽ അത് പൊതുയോഗത്തിന് മുമ്പായി അടച്ച് തെരട്ടിൽ ചേർത്ത് കണക്ക് പാസ്സാക്കേണ്ടതാണ്.

3. തെരട്ട് പാസ്സാക്കുന്നതിന് മുമ്പ് ഐക്യദീപം വരിസംഖ്യ തുക കൂടി അടച്ചുതീർത്തിരിക്കണം.

4. തെരട്ട്, കമ്മറ്റി അംഗങ്ങളുടെ തെരഞ്ഞെടുപ്പ് എന്നിവ അംഗീകാരത്തിനായി അരമനയിൽ വരുമ്പോൾ ട്രസ്റ്റിയും സെക്രട്ടറിയും ക്യാഷ് ബുക്ക്, ലെഡ്ജർ എന്നിവ കൂടി അതിരൂപതാദ്ധ്യക്ഷനു സമർപ്പിക്കേണ്ടതാണ്.

5. ഒരു കോടി രൂപയിൽ കൂടുതൽ വരവ് ചെലവ് ഉള്ള പള്ളികൾ കണക്കുകൾ Chartered Accountant നെ കൊണ്ട് Audit നടത്തി Auditor Report സഹിതം സമർപ്പിക്കേണ്ടതാണ്.

6. അതിരൂപതയുടെ വിശ്വാസ്യത കാത്തുസൂക്ഷിച്ചുകൊണ്ട് കൃത്യസമയത്ത് Income Tax return സമർപ്പിക്കുവാൻ വേണ്ടി 2014 ഏപ്രിൽ 30ന് മുമ്പായി എല്ലാ ഇടവകകളിൽ നിന്നും തെരട്ട് അരമനയിൽ ഏല്പിക്കണം എന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു.

എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ടും, ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിച്ചുകൊണ്ടും,

**✠ തോമസ് മാർ കൂറിലോസ്**

മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്, തിരുവല്ലാ അതിരൂപത

**NB : അടുത്ത ഞായറാഴ്ച വി. കുർബാന മദ്ധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്**